(ബി) 283 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 594 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്.

(ഡി) എല്ലാ വർഷവും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന കെട്ടിടങ്ങളിൽ മാത്രമേ അംഗൻവാടികൾ പ്രവർത്തിക്കുന്നുള്ളൂ.

അനാഥാലയങ്ങൾക്ക് ലഭിക്കേണ്ട ഗ്രാന്റ്

286 (3493) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്ക് ലഭിക്കേണ്ട ഗ്രാന്റ് വിതരണത്തിൽ കുടിശ്ശിക വന്നിട്ടുണ്ടോ; പ്രസ്തുത ഗ്രാന്റുകൾ ഏതു വർഷം വരെ വിതരണം ചെയ്തു; 2013-14, 2014-15 വർഷങ്ങളിലെ കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് റേഷൻ പെർമിറ്റ് വഴി ലഭിക്കേണ്ട അരി, ഗോതമ്പ് എന്നിവ ഭാഗികമായും, പഞ്ചസാര പൂർണ്ണമായും ലഭിക്കാത്ത സാഹചര്യത്തിൽ ഇവ യഥാസമയം വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നടപ്പുസാമ്പത്തിക വർഷം ഉൾപ്പെടെയുള്ള കുടിശ്ശിക തുക നൽകുന്നതിനായി 48,38,65,000 രൂപയുടെ അലോട്ട്മെന്റ് നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

അംഗപരിമിതർക്ക് വാഹനങ്ങൾ നൽകുന്ന പദ്ധതി

287 (3494) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതർക്ക് മുച്ചക്ര വാഹനങ്ങൾ /സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ എന്നിവ നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭ്യമാക്കി നൽകിയെന്നും ഏതൊക്കെ ഏജൻസികൾ മുഖേനയാണ് അവ വിതരണം നടത്തിയതെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly